**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 836** **25.01.2018-ൽ മറുപടിയ്ക്ക്**

**പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പഠനമുറി**

| **ചോദ്യം**<br>**ശ്രീ.ജെയിംസ് മാത്യു** | **മറുപടി**<br>**ശ്രീ.എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** |
|---|---|

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പഠനമുറി പദ്ധതിയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | എ) | ഉണ്ട്. ഈ വർഷം തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 100 സാമൂഹ്യ പഠന മുറികളിൽ 35 സാമൂഹ്യ പഠന മുറികൾ പൂർണ്ണമായും ഭൗതിക സാഹചര്യങ്ങൾ ഒരുക്കി കഴിഞ്ഞു. ബാക്കിയുള്ളവയുടെ പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പണി പൂർത്തിയാകുന്ന മുറയ്ക്ക് ടി പഠന മുറികളുടെ പ്രവർത്തനം പൂർണ്ണ ഗതിയിൽ ആരംഭിക്കുന്നതാണ്. |
| ബി) | സംസ്ഥാനത്തെ എത്ര പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഇതിനാവശ്യമായ തുക നൽകാൻ ഇതിനകം കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ബി) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നേരിട്ട് തുക അനുവദിക്കുന്നില്ല. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്നതിന് പട്ടികവർഗ്ഗ വിഭാഗത്തിൽ തന്നെയുള്ള വിദ്യാസമ്പന്നരായ യുവതീയുവാക്കളെ ട്യൂട്ടർമാരായി നിയോഗിക്കുകയാണ് ചെയ്യുന്നത്. വിദ്യാർത്ഥികൾക്കാവശ്യമായ പഠന സാമഗ്രികൾ സാമൂഹ്യപഠന മുറികളിലൂടെ ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ